**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2131** **09-02-2023 - ൽ മറുപടിയ്ക്ക്**

**കാഞ്ഞങ്ങാട് ജില്ല ആശുപത്രിയിൽ നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞങ്ങാട് ജില്ല ആശുപത്രിയിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്നതും നടപ്പിലാക്കിയതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | **ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ ന്യൂറോളജി വിഭാഗം ആരംഭിച്ചിട്ടുണ്ട്. കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ നവജാത ശിശുക്കൾക്ക് പ്രത്യേക പരിചരണം നൽകുന്ന ജില്ലയിലെ ആദ്യത്തെ എസ്.എൻ.സി.യുവിന്റെയും കേന്ദ്രീകൃത ഓക്സിജൻ ബെഡ്ഡോട് കൂടിയ പീഡിയാട്രിക് വാർഡിന്റെയും ഉദ്ഘാടനം നടന്ന് പ്രവർത്തനം ആരംഭിച്ചു.**<br><br>**50 ലക്ഷം രൂപ ഉപയോഗിച്ച് ആധുനിക നിലവാരത്തിലുള്ള സ്പെഷ്യൽ ന്യൂ ബോൺ കെയർ യൂണിറ്റ് കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ നിർമ്മിച്ചു. ഇതിൽ 34 ലക്ഷം രൂപയുടെ സിവിൽ പ്രവർത്തിയും 16 ലക്ഷം രൂപയുടെ ഉപകരണങ്ങളുമാണ് അനുവദിച്ചിട്ടുള്ളത്. പുതുതായി നിർമ്മിച്ച സ്പെഷ്യൽ ന്യൂബോൺ കെയർ യൂണിറ്റിൽ റിസപ്ഷൻ, സ്റ്റാഫ് റൂം, എസ്.എൻ.സി.യു റൂം, മെയിൻ എസ്.എൻ.സി.യു, സ്റ്റെപ്പ് ഡൗൺ എസ്.എൻ.സി.യു, ഐസൊലേഷൻ റൂം, സ്റ്റോറേജ് റൂം, ഫീഡിംഗ് റൂം, വാഷിംഗ് ഏരിയ, സെൻട്രലൈസ്ഡ് മെഡിക്കൽ ഗ്യാസ് തുടങ്ങിയ സൗകര്യങ്ങളോട് കൂടിയാണ് എസ്.എൻ.സി.യു തയ്യാറായിട്ടുള്ളത്. തൂക്കക്കുറവുള്ള നവജാതശിശുക്കളുടെ സംരക്ഷണം ബിലിറൂബിൻ കൂടിയ കുട്ടികൾക്കുള്ള ഫോട്ടോതെറാപ്പി സൗകര്യം ഇൻഫെക്ഷൻ ഉള്ള കുട്ടികൾക്കുള്ള പരിചരണം തുടങ്ങിയ സേവനങ്ങൾ ഇവിടെ ലഭ്യമാകും. സീനിയർ പീഡിയാട്രിഷ്യന്റെ നേതൃത്വത്തിലുള്ള വിദഗ്ധ ഡോക്ടർമാരുടെയും, പരിശീലനം ലഭിച്ച സ്റ്റാഫ് നഴ്സുമാരുടെയും സേവനം ഇവിടെ ഉറപ്പുവരുത്തിയിട്ടുണ്ട്.**<br><br>**ഇ.സി.ആർ.പി യിലൂടെ 36 ലക്ഷം ഉപയോഗിച്ചാണ് പീഡിയാട്രിക് വാർഡ് നിർമ്മാണം പൂർത്തീകരിച്ചത്.** |

| | | | |
|---|---|---|---|
| | | | **സെൻട്രലൈസ്ഡ് മെഡിക്കൽ ഗ്യാസ് സപ്പോർട്ടോട്ടുകൂടെയുള്ള 15 ബെഡുകൾ സജ്ജമാക്കിയിട്ടുള്ളത്. സെൻട്രലൈസ്ഡ് ആയതിനാൽ ഓക്സിജൻ തുടങ്ങിയ മെഡിക്കൽ ഗ്യാസുകൾ വളരെ സൗകര്യപ്രദമായി എളുപ്പത്തിൽ കുട്ടികൾക്ക് നൽകാൻ സാധിക്കും പീഡിയാട്രിക് വാർഡ് നെഗറ്റീവ് പ്രഷർ സൗകര്യം ചെയ്തിട്ടുണ്ട്. നെഗറ്റീവ് പ്രഷർ സൗകര്യം COVID -19 പോലുള്ള വൈറസുകൾ, ബാക്ടീരിയകൾ, ഫംഗസുകൾ തുടങ്ങിയവ കൊണ്ടുണ്ടാകുന്ന മാരകമായ അസുഖങ്ങളെ ആശുപത്രിയിലുള്ള മറ്റു രോഗികളിലേക്ക് പകരാതിരിക്കാൻ സഹായിക്കുന്നു. ന്യൂറോളജിവിഭാഗത്തിൽ ന്യൂറോളജിസ്റ്റ്-1 കാത്ത്‌ലാബിൽ കാർഡിയോളജിസ്റ്റ്-1, കാത്ത്‌ലാബ് ടെക്നീഷ്യൻ-2, EEGടെക്നീഷ്യൻ-1, KASP മുഖാന്തിരം സ്റ്റാഫ് നഴ്സ്-6, എച്ച്.എം.സി മുഖേന ആശുപത്രി അറ്റൻഡന്റ്-4, എൻ.എച്ച്.എം വഴി Echo Technician- 1 എന്നിവരെ നിയമിച്ചിട്ടുണ്ട്.**<br><br>ന്യൂറോളജി ഒ.പി-യിൽ പ്രതിമാസം ശരാശരി 465 രോഗികൾക്ക് ചികിൽസ നൽകി വരുന്നു. ന്യൂറോളജി വിഭാഗത്തിൽ **EEG മെഷീൻ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു.** 12.10.2022-ന് പ്രവർത്തനം ആരംഭിച്ച കാർഡിയോളജി ഒ.പി-യിൽ പ്രതിമാസം ശരാശരി 248 രോഗികൾ ചികിൽസയ്ക്ക് എത്തുന്നുണ്ട്. 14.12.2022 -ൽ ആരംഭിച്ച ആൻജിയോഗ്രാം ചികിൽസ ജനുവരി 2023-ൽ 20 രോഗികൾക്ക് ചെയ്തിട്ടുണ്ട്. 10.01.2023-ൽ ആരംഭിച്ച ആൻജിയോപ്ലാസ്റ്റി ചികിൽസ 2 രോഗികൾക്ക് ചെയ്തിട്ടുണ്ട്. കൂടാതെ എൻ. എച്ച്. എം & ഡി. എച്ച്. എസ് പദ്ധതികളിലായി 77.33 ലക്ഷം രൂപയുടെ ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ 8 കോടി രൂപ ചെലവിൽ നിർമ്മിച്ച കാത്ത് ലാബ് & സി. സി. യു പ്രവർത്തന ക്ഷമമാക്കി.<br><br>**കാസർഗോഡ് ജില്ലാ പഞ്ചായത്ത് മുഖേന ക്യാൻസർ ലാബ് സജ്ജീകരിക്കൽ പദ്ധതി നടപ്പിലാക്കി വരുന്നു.** |
| (ബി) | ഓരോ പദ്ധതിയുടെയും പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ? | (ബി) | **ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ ന്യൂറോളജി വിഭാഗം ആരംഭിച്ചിട്ടുണ്ട്. കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ നവജാത ശിശുക്കൾക്ക് പ്രത്യേക പരിചരണം നൽകുന്ന ജില്ലയിലെ ആദ്യത്തെ എസ്.എൻ.സി.യുവിന്റെയും കേന്ദ്രീകൃത ഓക്സിജൻ** |

ബെഡ്ഡോട് കൂടിയ പീഡിയാട്രിക് വാർഡിന്റെയും ഉദ്ഘാടനം നടന്ന് പ്രവർത്തനം ആരംഭിച്ചു.

50 ലക്ഷം രൂപ ഉപയോഗിച്ച് ആധുനിക നിലവാരത്തിലുള്ള സ്പെഷ്യൽ ന്യൂ ബോൺ കെയർ യൂണിറ്റ് കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ നിർമ്മിച്ചു. ഇതിൽ 34 ലക്ഷം രൂപയുടെ സിവിൽ പ്രവർത്തിയും 16 ലക്ഷം രൂപയുടെ ഉപകരണങ്ങളുമാണ് അനുവദിച്ചിട്ടുള്ളത്. പുതതായി നിർമ്മിച്ച സ്പെഷ്യൽ ന്യൂബോൺ കെയർ യൂണിറ്റിൽ റിസപ്ഷൻ, സ്റ്റാഫ് റൂം, എസ്.എൻ.സി.യു റൂം, മെയിൻ എസ്.എൻ.സി.യു, സ്റ്റെപ്പ് ഡൗൺ എസ്.എൻ.സി.യു, ഐസൊലേഷൻ റൂം, സ്റ്റോറേജ് റൂം, ഫീഡിംഗ് റൂം, വാഷിംഗ് ഏരിയ, സെൻട്രലൈസ്ഡ് മെഡിക്കൽ ഗ്യാസ് തുടങ്ങിയ സൗകര്യങ്ങളോട് കൂടിയാണ് എസ്.എൻ.സി.യു തയ്യാറായിട്ടുള്ളത്. തൂക്കക്കുറവുള്ള നവജാതശിശുക്കളുടെ സംരക്ഷണം ബിലിറൂബിൻ കൂടിയ കുട്ടികൾക്കുള്ള ഫോട്ടോതെറാപ്പി സൗകര്യം ഇൻഫെക്ഷൻ ഉള്ള കുട്ടികൾക്കുള്ള പരിചരണം തുടങ്ങിയ സേവനങ്ങൾ ഇവിടെ ലഭ്യമാകും. സീനിയർ പീഡിയാട്രിഷ്യന്റെ നേതൃത്വത്തിലുള്ള വിദഗ്ധ ഡോക്ടർമാരുടെയും, പരിശീലനം ലഭിച്ച സ്റ്റാഫ് നഴ്സുമാരുടെയും സേവനം ഇവിടെ ഉറപ്പുവരുത്തിയിട്ടുണ്ട്.

ഇ.സി.ആർ.പി യിലൂടെ 36 ലക്ഷം ഉപയോഗിച്ചാണ് പീഡിയാട്രിക് വാർഡ് നിർമ്മാണം പൂർത്തീകരിച്ചത്. സെൻട്രലൈസ്ഡ് മെഡിക്കൽ ഗ്യാസ് സപ്പോർട്ടോടുകൂടെയുള്ള 15 ബെഡുകൾ സജ്ജമാക്കിയിട്ടുള്ളത്. സെൻട്രലൈസ്ഡ് ആയതിനാൽ ഓക്സിജൻ തുടങ്ങിയ മെഡിക്കൽ ഗ്യാസുകൾ വളരെ സൗകര്യപ്രദമായി എളുപ്പത്തിൽ കുട്ടികൾക്ക് നൽകാൻ സാധിക്കും പീഡിയാട്രിക് വാർഡ് നെഗറ്റീവ് പ്രഷർ സൗകര്യം ചെയ്തിട്ടുണ്ട്. നെഗറ്റീവ് പ്രഷർ സൗകര്യം COVID -19 പോലുള്ള വൈറസുകൾ, ബാക്ടീരിയകൾ, ഫംഗസുകൾ തുടങ്ങിയവ കൊണ്ടുണ്ടാകുന്ന മാരകമായ അസുഖങ്ങളെ ആശുപത്രിയിലുള്ള മറ്റു രോഗികളിലേക്ക് പകരാതിരിക്കാൻ സഹായിക്കുന്നു. ന്യൂറോളജിവിഭാഗത്തിൽ ന്യൂറോളജിസ്റ്റ്-1 കാത്ത്ലാബിൽ കാർഡിയോളജിസ്റ്റ്-1, കാത്ത്ലാബ് ടെക്നീഷ്യൻ-2, EEGടെക്നീഷ്യൻ-1, KASP മുഖാന്തിരം സ്റ്റാഫ് നഴ്സ്-6, എച്ച്.എം.സി മുഖേന ആശുപത്രി അറ്റൻഡന്റ്-4, എൻ.എച്ച്.എം വഴി Echo Technician- 1 എന്നിവരെ നിയമിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | ന്യൂറോളജി ഒ.പി-യിൽ പ്രതിമാസം ശരാശരി 465 രോഗികൾക്ക് ചികിൽസ നൽകി വരുന്നു. ന്യൂറോളജി വിഭാഗത്തിൽ **EEG മെഷീൻ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു.** 12.10.2022-ന് പ്രവർത്തനം ആരംഭിച്ച കാർഡിയോളജി ഒ.പി-യിൽ പ്രതിമാസം ശരാശരി 248 രോഗികൾ ചികിൽസയ്ക്ക് എത്തുന്നുണ്ട്. 14.12.2022 -ൽ ആരംഭിച്ച ആൻജിയോഗ്രാം ചികിൽസ ജനുവരി 2023-ൽ 20 രോഗികൾക്ക് ചെയ്തിട്ടുണ്ട്. 10.01.2023-ൽ ആരംഭിച്ച ആൻജിയോപ്ലാസ്റ്റി ചികിൽസ 2 രോഗികൾക്ക് ചെയ്തിട്ടുണ്ട്. കൂടാതെ എൻ. എച്ച്. എം & ഡി. എച്ച്. എസ് പദ്ധതികളിലായി 77.33 ലക്ഷം രൂപയുടെ ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ 8 കോടി രൂപ ചെലവിൽ നിർമ്മിച്ച കാത്ത് ലാബ് & സി. സി. യു പ്രവർത്തന ക്ഷമമാക്കി.<br><br>**കാസർഗോഡ് ജില്ലാ പഞ്ചായത്ത് മുഖേന ക്യാൻസർ ലാബ് സജ്ജീകരിക്കൽ പദ്ധതി നടപ്പിലാക്കി വരുന്നു.** |

സെക്ഷൻ ഓഫീസർ